# ഹന്ന ആശ്ചര്യവതിയായ ഒരമ്മ

സാക് പുന്നൻ

WFTW 09 ഏപ്രിൽ 2017

വന്ധ്യയായ തന്റെ മാതാവ് ഹന്നയിലാണ് ശമുവേലിന്റെ കഥ ആരംഭിക്കുന്നത്. വളരെ നാളുകൾ കുഞ്ഞുങ്ങളില്ലാതിരുന്ന പല സ്ത്രീകളുടെ കഥകൾ തിരുവചനത്തിൽ വിവരിച്ചിട്ടുണ്ട് സാറ, റിബേക്ക, റാഹേൽ, ഹന്ന എന്നിങ്ങനെ. ഇവരെല്ലാം തങ്ങളുടെ ആവശ്യം ദൈവമുമ്പാകെ അർപ്പിച്ചു. ഇവരെല്ലാം ദൈവത്തിന്റെ പദ്ധതിയിൽ പ്രത്യേക സ്ഥാനമുണ്ടായിരുന്ന ഓരോ ആൺമക്കൾക്കെങ്കിലും ജന്മം നൽകുകയും ചെയ്തു. അവർ തങ്ങളുടെ വന്ധ്യതയെ അംഗീകരിച്ചില്ല. മറിച്ച് കുഞ്ഞുങ്ങൾക്കായി മുട്ടിപ്പായി ദൈവത്തോട് അപേക്ഷിച്ചു. ദൈവം അവരുടെ പ്രാർഥനയ്ക്കു മറുപടി നൽകി എന്നു മാത്രമല്ല, അവർക്കു ജനിച്ച കുഞ്ഞുങ്ങളിൽ ഓരോരുത്തരിലൂടെ ദൈവം തന്റെ ലക്ഷ്യത്തെ മുന്നോട്ടു കൊണ്ടുപോയി.

കുഞ്ഞുങ്ങൾ ഗർഭത്തിൽ ഉള്ളപ്പോൾത്തന്നെ പല അമ്മമാരും അവർക്കുവേണ്ടി പ്രാർഥിക്കാറുണ്ട്. എന്നാൽ ഈ അമ്മമാർ വലിയ തീക്ഷ്ണതയോടെ പ്രാർഥിച്ചു. ഇത്തരം തീക്ഷ്ണമായ നിലയിലുള്ള പ്രാർഥനയുടെ ഫലമായി ഒരു കുഞ്ഞു ജനിക്കുന്നത് അത്ഭുതകരമാണ്. ഇങ്ങനെ ജനിച്ചതാണ് ശമുവേൽ.

ഹന്നാ അനേക വർഷങ്ങളായിട്ട് ഒരു കുഞ്ഞിനുവേണ്ടി യഹോവയോട് യാചിച്ചിട്ടുണ്ട്. ഒടുക്കം അവൾ ഇങ്ങനെ പറഞ്ഞുകൊണ്ട് ഒരു നേർച്ച നേർന്നു. ''സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കുകയും അടിയനെ മറക്കാതെ ഒരു പുരുഷ സന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും'' (1 ശമു. 111). അവളുടെ ലക്ഷ്യത്തിന് ഒരു മാറ്റമുണ്ടായി. ആദ്യം, അവൾ അവളുടെ സ്വന്തം ആവശ്യത്തെക്കുറിച്ചു മാത്രമെ ചിന്തിച്ചുള്ളു: ''എനിക്ക് ഒരു പുത്രനെ വേണം.'' അനന്തരം അവൾ പറഞ്ഞു തുടങ്ങിയത്. ''എനിക്കൊരു പുത്രനുണ്ടായാൽ യഹോവയ്ക്കും അവനെ ആവശ്യമുള്ളതിനാൽ, ഞാൻ അവനെ യഹോവയ്ക്കു നൽകും. നമ്മുടെ പ്രാർത്ഥനകളുടെ കേന്ദ്രസ്ഥാനം നമ്മുടെ ആവശ്യത്തിൽ നിന്ന് ദൈവത്തിന്റെ ആവശ്യത്തിലേക്ക് എപ്പോൾ മാറുമോ അപ്പോഴാണ് നമുക്ക് നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാൻ തുടങ്ങുന്നത്. കർത്താവ് നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചത് ആദ്യം ''അവിടുത്തെ നാമം പരിശുദ്ധമാക്കണമേ'' എന്നാണ്.

ആ കാലത്ത് യിസ്രയേലിൽ ഒരു ആത്മീയ ആവശ്യം ഉണ്ടായിരുന്നു. ദൈവജനം അങ്ങേയറ്റം പിന്മാറ്റത്തിലായിരുന്നു. ഏലിപുരോഹിതനെപ്പോലെയുള്ള അവരുടെ നേതാക്കളും വലിയ പിന്മാറ്റത്തിലായിരുന്നു. മോശെയ്ക്കു ശേഷം അതുവരെ യിസ്രായേലിൽ ഒരു പ്രവാചകൻ എഴുന്നേറ്റിട്ടുണ്ടായിരുന്നില്ല. തന്റെ ചുറ്റും നടക്കുന്ന കാര്യത്തെക്കുറിച്ചു ബോധവതിയായിരുന്നു ഹന്ന. യിസ്രായേലിൽ ഒരു പ്രവാചകനുണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള തികഞ്ഞ ബോധ്യം അവൾക്കുണ്ടായിരുന്നിരിക്കണം. അതുകൊണ്ടു അവൾ തുടർന്നു പ്രാർഥിച്ചു: ''ഞാൻ എന്റെ മകനെ അങ്ങേക്കു സമർപ്പിക്കുന്നു. അവന്റെ തലയിൽ ഒരു ക്ഷൗരക്കത്തി തൊടുകയില്ല. അങ്ങേക്കായി സമർപ്പിതനായ ഒരു നാസിർവ്രതക്കാരനായിരിക്കും അവൻ. ഈ ജനതയെ അവനെയുപയോഗിച്ച് അങ്ങിലേക്കു തിരിക്കാൻ കഴിയുമെങ്കിൽ അവൻ അവിടുത്തേതായിരിക്കും.'' തന്റെ ആവശ്യത്തിൽനിന്നു അവളുടെ പ്രാർഥനയുടെ ഊന്നൽ ദൈവത്തിന്റെ ആവശ്യത്തിലേക്കു മാറി.

നമ്മുടെ പല പ്രാർഥനകൾക്കും മറുപടി കിട്ടാത്തതിന്റെ കാരണം അവയുടെ ഊന്നൽ പലപ്പോഴും നമ്മിലേക്കു തന്നെയാണ് എന്നുള്ളതാണ്. ഇത്തരം ഒരു മാതാവിനു ശമുവേൽ ജനിച്ചതിൽ എന്തത്ഭുതം!

ഹന്നാ ശമുവേലിനെ പ്രസവിച്ചപ്പോൾ, അവൾ അവളുടെ വാഗ്ദാനം മറന്നില്ല. അവൾ തന്റെ മകനെ ദേവാലയത്തിലേക്ക് കൊണ്ടു വന്നിട്ടു പറഞ്ഞു, ''ഈ ബാലനായിട്ടു ഞാൻ പ്രാർത്ഥിച്ചു; ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നൽകിയിരിക്കുന്നു. അതുകൊണ്ട് ഞാൻ അവനെ യഹോവയ്ക്കു നിവേദിച്ചിരിക്കുന്നു; അവൻ ജീവപര്യന്തം യഹോവയ്ക്കു നിവേദിതനായിരിക്കും'' (1 ശമു. 1:27,28). അവൾ ഇനി ഒരിക്കലും അവനെ തിരിച്ചുകൊണ്ടു പോകാൻ പോകുന്നില്ല. അവൾ അവിടെ ആ ബാലനെ മുട്ടുകുത്തി ദൈവത്തെ ആരാധിക്കാൻ പഠിപ്പിച്ചു. അങ്ങനെയുള്ള ദൈവഭക്തയായ ഒരമ്മയെ ലഭിക്കുന്നത് വളരെ ആശ്ചര്യകരമാണ്. അനന്തരം അവൾ യഹോവയ്ക്കു മനോഹരമായൊരു സ്തോത്രഗാനം പാടി! (1 ശമു. 2:110). മറിയയുടെ സ്തോത്രഗാനം ഹന്നായുടെ പാട്ടിനാൽ പ്രചോദിപ്പിക്കപ്പെട്ടതായിരിക്കാൻ കൂടുതൽ സാധ്യത ഉണ്ട്. കാരണം അവയിലെ വാക്കുകൾ അത്ര സാമ്യമുള്ളതാണ്!

തന്റെ പ്രവചന ശുശ്രൂഷയിലൂടെ യിസ്രയേലിന്റെ മുഖഛായ മാറ്റിയ ഒരു യുവാവായി ശമുവേൽ വളർന്നു വന്നു  ന്യായാധിപന്മാരുടെ പുസ്തകത്തിൽ നാം കാണുന്ന കുത്തഴിഞ്ഞ അവസ്ഥ മുതൽ ദാവീദിന്റെ ഭരണത്തിൻ കീഴുള്ള മഹത്വകരമായ അവസ്ഥ വരെ.